**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5559** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഔഷധ സസ്യങ്ങളുടെ ഉപയോഗവും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി വിഭാഗങ്ങളുടെ വരുമാന സ്രോതസ്സായി വനമേഖലയിലെ ഔഷധസസ്യ കൃഷിയെ വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വനാശ്രിതസമൂഹങ്ങളുടെ വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ടാണ് 1988-ലെ വന നയത്തിന്റെ ഭാഗമായി പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കി വരുന്നത്. ഇത്തരത്തിൽ പങ്കാളിത്ത വന പരിപാലനത്തിൻ കീഴിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വന സംരക്ഷണ സമിതികളും, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളും വഴി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള പരിപാടികൾ ചെയ്തിട്ടുണ്ട്. ടി പദ്ധതികളുടെ നടത്തിപ്പിലൂടെ വനാശ്രിതരായ വന സംരക്ഷണ സമിതി, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പ വരുത്തുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമായിട്ടുണ്ട്. |
| (ബി) | വനത്തിനുള്ളിലെ തടി ഇതര വിഭവങ്ങളുടെ ശേഖരണം, വിതരണം എന്നിവയ്ക്കായി പുതിയ സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വനത്തിനുള്ളിലെ തടിയേതര വിഭവങ്ങളുടെ ശേഖരണമാണ് വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രധാന വരുമാന മാർഗ്ഗം. വനത്തിനുള്ളിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ ഇടനിലക്കാരില്ലാതെ ഇതിനായി വനം വകുപ്പ് ഒരുക്കിയിട്ടുള്ള സംരംഭമായ 'വനശ്രീ' എന്ന സംവിധാനത്തിലൂടെ വിപണനം ചെയ്യുന്നു. ഇത് ആദിവാസികൾ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മികച്ച വിലയും, വിപണിയും ഉറപ്പുവരുത്താൻ സഹായിക്കുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തുടനീളമായി പ്രവർത്തിക്കുന്ന 37 വനശ്രീ യൂണിറ്റുകളിലൂടെ മൂല്യവർദ്ധനവ് വരുത്തിയ വനവിഭവങ്ങൾ വിപണനം ചെയ്തു വരുന്നു. വനശ്രീ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും, നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| (സി) | വനമേഖലയിലെ ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; | (സി) | പങ്കാളിത്ത വന പരിപാലനത്തിൻ കീഴിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും, ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും ഔഷധ സസ്യങ്ങളുടെ നടീൽ, പരിപാലനം എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | വനവിഭവങ്ങൾ കൃത്യമായും കുറ്റമറ്റ രീതിയിലും സൂക്ഷിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ; ആയത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരളത്തിലെ വനത്തെയും, വനവിഭവങ്ങളെയും കാര്യക്ഷമമായി സംരക്ഷിക്കുന്നതിനായി വന മേഖലയെ സർക്കിൾ, ഡിവിഷൻ, റേഞ്ച്, സ്റ്റേഷൻ, ബീറ്റ് എന്നിങ്ങനെ വിവിധ തലങ്ങളായി വിഭജിച്ച് ഭരണനിർവ്വഹണം നടത്തി വരുന്നു. വനത്തിനുള്ളിലേയ്ക്കുള്ള അനധികൃത പ്രവേശനവും, മറ്റ് വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനുമായി ചെക്ക് പോസ്റ്റുകൾ, മറ്റ് പരിശോധനാ സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ് തല ഉദ്യോഗസ്ഥർ നിരന്തരമായി വന മേഖലകളിൽ പട്രോളിംഗ് നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. വന്യജീവികളുടെ സംരക്ഷണത്തിനായി പരിസ്ഥിതി പ്രാധാന്യമുള്ളതും, അതീവ ലോലവുമായ പ്രദേശങ്ങളെ വന്യജീവി സംരക്ഷിത മേഖലയായി തിരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. വനഭൂമിയ്ക്കും, വനവിഭവങ്ങളിന്മേലുമുള്ള അനധികൃത കൈയ്യേറ്റം തടയുന്നതിനായി വനാതിർത്തി സർവ്വേയും, ജണ്ട നിർമ്മാണവും നടത്തി വനാതിർത്തി തിരിച്ച് സംരക്ഷിക്കുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു. ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് വന സംരക്ഷണ പ്രവർത്തനങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. വനത്തിനുള്ളിൽ നിരീക്ഷണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിരീക്ഷണ ക്യാമറകളും മറ്റ് ആവശ്യമായ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പങ്കാളിത്ത വന പരിപാലനത്തിലൂടെ വനാശ്രിതരായ ആളുകളെ |

| | | | |
|---|---|---|---|
| | | | വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വനസംരക്ഷണം ജനകീയവും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രദേശവാസികളെയും കൂടി പങ്കെടുപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ തടിയേതര വനവിഭവ സംരക്ഷണത്തിനായി പ്രത്യേകം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇത്തരത്തിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പാക്കിയ വിവിധ പദ്ധതികൾ, ട്രൈഫെഡിന്റെ ധന സഹായത്തോടെ തടിയേതര വന വിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന "Minimum Support Price for Minor Forest Produce (MSP for MFP)' എന്ന പദ്ധതി എന്നിവകളിലൂടെ വിവിധ വന വികാസ ഏജൻസികൾക്കു കീഴിൽ വന വിഭവങ്ങൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംഭരണ കേന്ദ്രങ്ങളും, തേൻ ഉൾപ്പെടെയുള്ള വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സംഭരണ കേന്ദ്രങ്ങളും, വനശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ള വനശ്രീ യൂണിറ്റുകളുടെ ആധുനികവൽക്കരണവും നടത്തി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വന വിഭവ ശേഖരണം, വിപണനം എന്നിവയ്ക്കായി ധന സഹായം ഉൾപ്പെടെ നൽകുന്ന പ്രധാൻമന്ത്രി വൻ ധൻ വികാസ് യോജന (VDVK) എന്നീ പദ്ധതിയും മേൽ സമിതികൾ വഴി നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ